**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292** **27-06-2024 - ൽ മറുപടിയ്ക്ക്**

**മറയൂരിലെ കരിമ്പ് കർഷകർക്ക് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കരിമ്പ് കർഷകരോടുള്ള സർക്കാരിന്റെ അവഗണന മൂലം അവർ കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | മറയൂരിലെ കരിമ്പ് കർഷകർക്ക് സബ്സിഡി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.<br><br>കേരളത്തിൽ ആകെയുള്ള കരിമ്പ് കൃഷിയുടെ 78%വും ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തുകളിലാണ്. നിലവിൽ 200 ഹെക്ടർ സ്ഥലത്ത് ഇവിടെ കരിമ്പ് കൃഷി ചെയ്തു വരുന്നു. 1020 കുടുംബങ്ങൾ കരിമ്പ് കൃഷി ആശ്രയിച്ച് കഴിയുന്നു. ഇതിൽ നിന്നും ഏകദേശം 16000 ടൺ കരിമ്പ് പ്രതി വർഷം ഉത്പാദിപ്പിക്കുന്നുണ്ട്. ബാക്കിയുള്ള കരിമ്പ് ഉത്പാദനം പാലക്കാട്, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ഉൾപ്പെടുന്നു.<br><br>കരിമ്പ് കർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. **ജല ക്ഷാമം**<br><br>മഴയെ ആശ്രയിച്ചാണ് മറയൂർ, കാന്തല്ലൂർ ഭാഗങ്ങളിലെ കരിമ്പ് കൃഷി. 1500mm ആണ് ശരാശരി മഴ ഈഭാഗങ്ങളിൽ ലഭിക്കുന്നത്. ധാരാളം ജലം ആവശ്യമുള്ള വിളയാണ് കരിമ്പ്. ആയതിനാൽ വേനൽക്കാലങ്ങളിൽ ജലസേചനത്തിനു ബുദ്ധിമുട്ടുണ്ട്.<br><br>**2. വന്യജീവി ആക്രമണം**<br><br>വന്യജീവികളായ കാട്ടാന,കാട്ടുപന്നി എന്നിവയുടെ ശല്യം കാരണം വ്യാപകമായ വിളനാശം അനുഭവപ്പെടുന്നുണ്ട് .<br><br>**3. മണ്ണിന്റെ ഘടനയിലുണ്ടായ വ്യത്യാസം**<br><br>മഴയുടെ ഏറ്റക്കുറച്ചിൽ മൂലം മണ്ണിന്റെ ഘടനയിൽ വ്യത്യാസം വന്നതുകാരണം കരിമ്പിന്റെ ഉത്പാദനം ഗണ്യമായി കുറയുകയുണ്ടായി .മറയൂരിലെ |

| | | | |
|---|---|---|---|
| | | | മണ്ണുപരിശോധന ഫലങ്ങൾ 15-20% വരെ മണ്ണിലെ ജൈവാംശത്തിന്റെ അളവിൽ കുറവ് കാണിക്കുന്നു.<br><br>**4. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം**<br><br>കാലാകാലങ്ങളായി കാന്തല്ലൂർ,മറയൂർ ഭാഗങ്ങളിൽ കരിമ്പുകൃഷി നടത്തിവരുന്നതിനാൽ ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെലഭ്യതയിൽ കുറവുവരുന്നു.<br><br>**5. കരിമ്പ് സംസ്കരണയൂണിറ്റുകളുടെ അഭാവം**<br><br>പരമ്പരാഗത കർഷകർ ഇപ്പോഴും പഴയരീതിയിലുള്ള ശർക്കര ഉണ്ടാക്കൽ രീതിയാണ് പിന്തുടരുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സൗകര്യങ്ങൾ കുറവാണ്. കൂടാതെ കരിമ്പിൽ നിന്നും ശർക്കരപാനി, പൊടി ശർക്കര എന്നിവയും പരമ്പരാഗത രീതിയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.<br><br>**6. തൊഴിലാളികളുടെ ലഭ്യത കുറവ്**<br><br>വർധിച്ച കൂലിച്ചെലവും പരിചയസമ്പന്നരായ തൊഴിലാളികളുടെ ധൗർലഭ്യവും കരിമ്പുകർഷകർ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളാണ്.<br><br>2011-2016 കാലഘട്ടത്തിൽ ഇടുക്കി പാക്കേജിന് കീഴിൽ രാഷ്ട്രീയ വികാസ് യോജന പദ്ധതി മുഖേന കർഷകർക്ക് ആനുകൂല്യങ്ങൾനൽകിയിട്ടുണ്ട്.ഈ മാതൃകയിൽ സഹായം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പ്രൊപോസൽ നൽകി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ 2011-2016 കാലയളവിലെ സർക്കാർ നൽകിയ മാതൃകയിൽ മറയൂരിലെ കരിമ്പ് കർഷകർക്ക് സബ്സിഡി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | മറയൂരിലെ കരിമ്പ് കർഷകർക്ക് സബ്സിഡി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.<br><br>കേരളത്തിൽ ആകെയുള്ള കരിമ്പ് കൃഷിയുടെ 78%വും ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തുകളിലാണ്. നിലവിൽ 200 ഹെക്ടർ സ്ഥലത്ത് ഇവിടെ കരിമ്പ് കൃഷി ചെയ്തു വരുന്നു. 1020 കുടുംബങ്ങൾ കരിമ്പ് കൃഷി ആശ്രയിച്ച് കഴിയുന്നു. ഇതിൽ നിന്നും ഏകദേശം 16000 ടൺ കരിമ്പ് പ്രതി വർഷം ഉത്പാദിപ്പിക്കുന്നുണ്ട്. ബാക്കിയുള്ള കരിമ്പ് ഉത്പാദനം പാലക്കാട്, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ഉൾപ്പെടുന്നു.<br><br>കരിമ്പ് കർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു<br><br>**1. ജല ക്ഷാമം** |

മഴയെ ആശ്രയിച്ചാണ് മറയൂർ, കാന്തല്ലൂർ ഭാഗങ്ങളിലെ കരിമ്പ് കൃഷി. 1500mm ആണ് ശരാശരി മഴ ഈഭാഗങ്ങളിൽ ലഭിക്കുന്നത്. ധാരാളം ജലം ആവശ്യമുള്ള വിളയാണ് കരിമ്പ്. ആയതിനാൽ വേനൽക്കാലങ്ങളിൽ ജലസേചനത്തിനു ബുദ്ധിമുട്ടുണ്ട്.

**2. വന്യജീവി ആക്രമണം**

വന്യജീവികളായ കാട്ടാന,കാട്ടുപന്നി എന്നിവയുടെ ശല്യം കാരണം വ്യാപകമായ വിളനാശം അനുഭവപ്പെടുന്നുണ്ട് .

**3. മണ്ണിന്റെ ഘടനയിലുണ്ടായ വ്യത്യാസം**

മഴയുടെ ഏറ്റക്കുറച്ചിൽ  മൂലം മണ്ണിന്റെ ഘടനയിൽ വ്യത്യാസം വന്നതുകാരണം കരിമ്പിന്റെ ഉത്പാദനം ഗണ്യമായി കുറയുകയുണ്ടായി .മറയൂരിലെ മണ്ണുപരിശോധന ഫലങ്ങൾ 15-20% വരെ മണ്ണിലെ ജൈവാംശത്തിന്റെ അളവിൽ കുറവ് കാണിക്കുന്നു.

**4. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം**

കാലാകാലങ്ങളായി കാന്തല്ലൂർ,മറയൂർ ഭാഗങ്ങളിൽ കരിമ്പുകൃഷി നടത്തിവരുന്നതിനാൽ ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെലഭ്യതയിൽ കുറവുവരുന്നു.

**5. കരിമ്പ് സംസ്കരണയൂണിറ്റുകളുടെ അഭാവം**

പരമ്പരാഗത കർഷകർ ഇപ്പോഴും പഴയരീതിയിലുള്ള ശർക്കര ഉണ്ടാക്കൽ രീതിയാണ് പിന്തുടരുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സൗകര്യങ്ങൾ കുറവാണ്. കൂടാതെ കരിമ്പിൽ നിന്നും ശർക്കരപാനി, പൊടി ശർക്കര എന്നിവയും പരമ്പരാഗത രീതിയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

**6. തൊഴിലാളികളുടെ ലഭ്യത കുറവ്**

വർധിച്ച കൂലിച്ചെലവും പരിചയസമ്പന്നരായ തൊഴിലാളികളുടെ ദൗർലഭ്യവും കരിമ്പുകർഷകർ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളാണ്.

2011-2016 കാലഘട്ടത്തിൽ ഇടുക്കി പാക്കേജിന് കീഴിൽ രാഷ്ട്രീയ വികാസ് യോജന പദ്ധതി മുഖേന കർഷകർക്ക് ആനുകൂല്യങ്ങൾനൽകിയിട്ടുണ്ട്.ഈ മാതൃകയിൽ സഹായം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പ്രൊപോസൽ നൽകി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ